# Malayala Manorama

# 15 August 2018

# Kumali : Heavy rain, Mullaperiyar dam, Dam opening,



## മുല്ലപ്പെരിയാർ തുറന്നാൽ 5000 പേരെ മാറ്റിപ്പാർപ്പിക്കും

- കനത്ത മഴയിൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഓരോ നിമിഷവും ഉയരുന്നു.
- ഇന്നലെ രാത്രി എട്ടിനു ജലനിരപ്പ് 138 അടിയിലെത്തി.
- ജലനിരപ്പ് ഉയരുന്നതിനാൽ പെരിയാറിലേക്കു വെള്ളം ഒഴുക്കിവിടാൻ സാധ്യതയുണ്ടെന്നു തമിഴ്നാട് സർക്കാർ അറിയിച്ചതായി ചീഫ് സെക്രട്ടറി ടോം ജോസ് തിരുവനന്തപുരത്ത് അറിയിച്ചു.
- എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ പെരിയാർ തീരത്തു താമസിക്കുന്നവർ കലക്ടർമാർ ആവശ്യപ്പെടുന്ന സമയത്തു ക്യാംപുകളിലേക്കു മാറണമെന്നും ചീഫ് സെക്രട്ടറിയുടെ അഭ്യർഥന.
- ഇന്നലെ രാത്രി ഒൻപതരയോടെ അണക്കെട്ടു തുറക്കാൻ സാധ്യതയുണ്ടെന്നു റവന്യു വകുപ്പ് മൈക്ക് അനൗൺസ്മെന്റ് നടത്തിയിരുന്നു.
- മുല്ലപ്പെരിയാർ അണക്കെട്ടു തുറക്കുമ്പോൾ അയ്യായിരത്തോളം പേരെ മാറ്റിപ്പാർപ്പിക്കാനാണു തീരുമാനം.
- ആശങ്ക വേണ്ടെന്നു മന്ത്രി എം.എം.മണി അറിയിച്ചു.
- അണക്കെട്ടിലെ ജലനിരപ്പ് 136ൽ എത്തിയപ്പോൾ ഇടുക്കി കലക്ടർക്കു തമിഴ്നാട് സർക്കാർ ആദ്യ മുന്നറിയിപ്പും 138 അടിയിലെത്തിയപ്പോൾ രണ്ടാം മുന്നറിയിപ്പും നൽകി. 140 അടിയിലെത്തുമ്പോൾ മൂന്നാമത്തെ മുന്നറിയിപ്പും നൽകും.
- വണ്ടിപ്പെരിയാർ വള്ളക്കടവ് മേഖലയിൽ പെരിയാർ നദിയിലെ ജലനിരപ്പ് ഇപ്പോൾത്തന്നെ ഉയർന്ന നിലയിലാണ്.
- ഇന്നലെ രാത്രിതന്നെ തീരപ്രദേശങ്ങളിലെ പലരും ബന്ധുവീടുകളിലേക്കു മാറി.